## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2836 20-07-2011 ന് മറുപടിക്ക്

### സ്വകാര്യ ഭൂമിയിൽ മരം വളർത്തൽ പ്രോ ാഹിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ശിവദാസൻ നായർ :<br>" സി. പി. മുഹമ്മദ് :<br>" ഡൊമിനിക് പ്രസന്റേഷൻ :<br>" തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. കെ. ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ഭൂമിയിൽ മരം വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) 2011 - അന്താരാഷ്ട്ര വനവർഷത്തിലെ വനേതര ഭൂമിയിലെ വൃക്ഷതൈ നടീൽ പ്രകാരം സ്വകാര്യ ഭൂമിയിൽ വച്ചു പിടിപ്പിക്കുന്നതിനായി വിവിധയിനം വൃക്ഷതൈകൾ സ്വകാര്യ വ്യക്തികൾക്ക് സഹായ നിരക്കിൽ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. സ്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ സ്വന്തം പുരയിടത്തിലോ, സമീപത്തായി ലഭ്യമാകുന്ന സ്വകാര്യ ഭൂമിയിലോ വച്ചു പിടിപ്പിക്കുന്നതിനായി സൗജന്യമായി തൈകൾ നൽകി വരുന്നു. സ്വകാര്യ ഭൂമി ഉൾപ്പെടെയുള്ള ലഭ്യമായ സ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനായി പത്രസ്ഥാപനങ്ങൾ മുഖേനയും തൈകൾ വിതരണം ചെയ്തു വരുന്നു. |

---------2

(ബി) പട്ടയം പതിച്ച് നൽകിയിട്ടുള്ള വനഭൂമിയിൽ വച്ച് പിടിപ്പിക്കുന്ന വൃക്ഷങ്ങളുടെ വിളവെടുപ്പിന് അനുമതി നൽകുന്ന കാര്യം ആലോചിക്കുമോ?

(ബി) സർക്കാർ കൃഷിയ്ക്കായി പതിച്ചു നൽകിയ വനഭൂമിയിൽ കർഷകർ വച്ചു വളർത്തുന്ന ഫലവൃക്ഷങ്ങളിൽ നിന്ന് കൈവശക്കാർ വിളവെടുപ്പ് നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ